**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1697** **11-10-2024 - ൽ മറുപടിയ്ക്ക്**

**കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | 2016 മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം കോളേജുകളുടെയും സർവകലാശാലകളുടെയും അഖിലേന്ത്യാ റാങ്കിംഗിൽ മുന്നിൽ വന്നിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം കോളേജുകളുടെയും സർവകലാശാലകളുടെയും അഖിലേന്ത്യാ റാങ്കിംഗിൽ സംബന്ധിച്ച വിശദാംശം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (സി) | കോളേജ്/സർവകലാശാല തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്യാൻ കഴിയുന്ന രീതിയിൽ പഠന സമ്പ്രദായം പരിഷ്കരിക്കുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പഠനത്തോടൊപ്പം തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന വിധത്തിൽ സാങ്കേതികവിദ്യാധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടുത്തി നാലുവർഷ ബിരുദ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. നാലുവർഷ ബിരുദ കോഴ്സിന്റെ ഭാഗമായുള്ള ഫൗണ്ടേഷൻ കോഴ്സുകളിൽ 3 സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ വിദ്യാർത്ഥികൾ നിർബന്ധമായും പഠിച്ചിരിക്കണം.<br><br>സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ സംരംഭകത്വ ആശയങ്ങൾ വികസിപ്പിച്ച് സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **Earn While You Learn.**<br><br>എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയംപര്യാപ്ത രീതിയിൽ ആരംഭിക്കും. |

ASAP Kerala/ Keltron/ IHRD/ ICT Academy of Kerala/ CCED എന്നീ സ്ഥാപനങ്ങളെ സ്കിൽ കോഴ്സുകൾ നൽകുന്നതിനുള്ള അംഗീകൃത ഏജൻസികളാക്കി കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അസാപ് കേരള, കോളേജുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടി **Dreamvestor** എന്ന സംരംഭത്വ വികസന പരിപാടി ആരംഭിച്ചിട്ടുണ്ട് .

എഞ്ചിനീയറിംഗ്. ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് Entrepreneurship & Startups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയവ പോളിടെക്നിക്ക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **ഇൻസ്ടി ഓൺ ക്യാമ്പസ്** പദ്ധതി നടപ്പിലാക്കി വരുന്നു.

വിവിധ കോളജുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വിദ്യാർത്ഥികൾ നയിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻകുബേഷൻ സെന്ററുകൾ, സംരംഭകത്വ വികസന സെല്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

6 പോളിടെക്നിക്ക് കോളേജുകളിൽ ASAP- ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ K-DISC (Kerala Development & Strategic Council), YIP (Young Innovators Programme) എന്നിവയുമായി സഹകരിച്ച് വിദ്യാർത്ഥികളിലെ നൂതന ആശയങ്ങളും സംരംഭകത്വവും വികസിപ്പിക്കുന്നതിനായി കാലടി ശ്രീ

| | | | | |
|---|---|---|---|---|
| | | | | ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഒരു Solution Focused Virtual Incubator പ്രവർത്തിക്കുന്നുണ്ട്<br><br>കണ്ണൂർ സർവകലാശാലയിൽ TECHNOLOGY BASED INCUBATOR (TBI-KU), KANNUR UNIVERSITY INNOVATION AND INCUBATION FOUNDATION (KU-IIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്<br><br>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ Startup Cell & IPR Cell എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇവ കൂടാതെ വ്യവസായ വകുപ്പിന്റെ 29.02.2024 -ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ: 16/2024/ID പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാംപസുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്തു ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി ക്യാമ്പസ് ഇൻഡസ്ട്രിയൽ സ്കീം 2024, അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പങ്കാളിയാകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ കോളേജുകളും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## 2016 മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

### ഉന്നതവിദ്യാഭ്യാസ കൗൺസിൽ

1. **കരിക്കുലം പരിഷ്കരണം (FYUGP):** വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിററ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.

2. **സാക്ക് (SAAC – State Assessment & Accreditation Centre):** നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു.

3. **കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF):** NIRF മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുവാൻ സഹായിക്കും. മാത്രമല്ല നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് സജ്ജരാക്കുകയും ചെയ്യും.

**4. സെന്റർ ഓഫ് എക്സലൻസ്:-**

i) താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് സംബന്ധിച്ച ശുപാർശ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

1. കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്.

2. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്.

3. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി.

ii) ട്രാൻസ്ലേഷണൽ റിസർച്ച് സെന്റേഴ്സ്:- കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കുസാറ്റ്, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റേഴ്സ് ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**5. അദ്ധ്യാപക പരിശീലന പദ്ധതി:** ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചത്.

**6. Outcome Based Education (OBE):-** ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷൻ (OBE - Outcome Based Education) അഥവാ ഫലാധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്.

## കോളേജ് വിദ്യാഭ്യാസ വകുപ്പ്

പുതുതലമുറയെ വൈജ്ഞാനിക മേഖലയിൽ കുതിച്ചുചാട്ടം ഉണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം സർക്കാർ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന LEAD പോലുള്ള പദ്ധതികളും വകുപ്പിൽ നടപ്പിലാക്കി വരുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിങ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമിച്ചു നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്ളാസ്സുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ളാസ്സുകളും സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ളാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസേർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി, പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn), എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. Students for society, യുറേക്കലാബ് എന്നിവ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

- പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ (i) അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക, Ci) ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, (iii) ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, (iv) ക്യാമ്പസ് നെറ്റ് വർക്ക് സ്ഥാപിക്കുക, (vy) ഫിറ്റ്നസ് സെന്റർ (vi) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുക, (vii) ഐ.സി.റ്റി. പദ്ധതി, ഇ-ജേർണലുകൾ, ഡിജിറ്റൽ /ഇ-ലൈബ്രറികൾ തുടങ്ങിയ

പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പലതും പൂർത്തികരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

- **ഗവേഷണ പരിശീലന പദ്ധതികൾ –** വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിങ് കോളേജിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ് (Hardware in Loop Lab) എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ Centre For Sustainable Development (CSD), പ്രൊഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്റർ എന്നിവ പ്രവർത്തിച്ചു തുടങ്ങി. CET-SAT രൂപകൽപ്പനയുടെ പ്രവർത്തനങ്ങളും, Centre for Nano Electronics -യുടെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യവസായിക രംഗത്തെ വിദഗ്ധൻമാരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അദ്ധ്യാപകർക്ക് നൂതന സങ്കേതിക വിദ്യകളിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളും വഴി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അവബോധം ക്യാമ്പസുകളിലെത്തിക്കുന്നുണ്ട്. പോളിടെക്നിക്ക് മേഖലയിൽ AICTE ക്യൂ.ഐ.പി. പോളി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**3. സംരംഭകത്വ വികസന പദ്ധതികൾ** – തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങൾക്കു സഹായകരമായ ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ അസാപ്-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM–ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പോളിടെക് നിക്കുകളിൽ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇൻഡസ്ട്രി – ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതിക വിദ്യ കൈമാറ്റത്തിനും വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

**<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് (ഐ.എച്.ആർ.ഡി.)</u>**

1. അക്കാഡമിക്/ഇൻഡസ്ട്രിയൽ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചേർന്ന് ടൈ-അപ്പ്
2. വിവിധങ്ങളായ നാഷണൽ/ ഇന്റർനാഷണൽ കോൺഫറൻസുകൾ
3. കേരളത്തിലെ മുഴുവൻ ഗവേഷണ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും റഫറൻസിനായും, പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായും ഐ.എച്ച്.ആർ.ഡി

യുടെ നേതൃത്വത്തിൽ ഒരു അന്താരാഷ്ട്ര റിസർച്ച് ജേർണൽ പ്രസിദ്ധീകരണം ആരംഭിച്ചു

4. റിസൾട്ട് മെച്ചപ്പെടുത്തുന്നതിനായി മെന്ററിങ് സിസ്റ്റം
5. മെച്ചപ്പെട്ട പ്ലേസ്മെന്റ്
6. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ട്യൂട്ടോറിയൽ ക്ലാസ്സ്
7. വിദ്യാർത്ഥികളുടെ സമൂഹവുമായി ബന്ധപ്പെട്ടുള്ള വിവിധ പ്രോഗ്രാമുകളിലൂടെ സോഷ്യൽ ആക്സിസിബിലിറ്റി
8. സെമസ്റ്റർ സമ്പ്രദായത്തിലൂടെ വിജയ ശതമാനം മെച്ചപ്പെടുത്തൽ
9. ഓൺലൈൻ വഴി വിവിധ 'Add-On courses'
10. Soft Skill Development' കോഴ്സുകൾ
11. മൾട്ടി നാഷണൽ കമ്പനികളുമായി MOU
12. ഇതിനു പുറമെ NAAC അടക്കമുള്ള അക്രെഡിറ്റേഷനുകൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

**എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി**

പൂജപ്പുര വനിതാ എൻജിനീയറിങ് കോളേജിൽ വിദ്യാർത്ഥിനികൾ മാത്രമായി രൂപപ്പെടുത്തിയ വീസാറ്റ് ഈ വർഷം ആദ്യം ഐഎസ്ആർഒ വിക്ഷേപിക്കുകയുണ്ടായി.

**കേരള സർവകലാശാല**

1. പേറ്റന്റ്, ടെക്നോളജി ട്രാൻസ്ഫർ എന്നിവ കാര്യക്ഷമമാക്കുന്നതിനായി Translational Research and Innovation Centre (TRIC-KU) കേരള സർവകലാശാലയിൽ രൂപീകരിച്ചു.
2. ബിരുദ പഠനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
3. വിദേശ വിദ്യാർത്ഥികളെ സർവകലാശാലയിലേക്ക് ആകർഷിക്കുന്ന തരത്തിൽ Centre for Global Academics പ്രവർത്തനങ്ങൾ നടത്തി വരുന്നു.
4. ഡയറക്ടേറ്റ് ഓഫ് റിസർച്ച് & ഡവലപ്മെന്റ് രൂപീകരിച്ചു.
5. പുതിയ ഗവേഷണ നയം രൂപീകരിച്ചു.

6. കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്. ചില സ്റ്റാർട്ടപ്പുകൾ കമ്പനികളായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
7. വിദ്യാർത്ഥികൾക്കായി Learning Management System (LMS), Student Life Cycle Management System (SLCM) എന്നിവനടപ്പിലാക്കി.
8. Interaction with Eminent Scholar പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.
9. ഗവേഷണ പ്രവർത്തനങ്ങൾക്ക് ബൗദ്ധികസ്വത്തവകാശനയം വഴി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.
10. നൂതന അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുകയും മറ്റു ചില പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.
11. സർവകലാശാലയിലെ എല്ലാ ഗവേഷണ വിദ്യാർത്ഥികൾക്കും ഫെലോഷിപ്പ് നൽകിവരുന്നു.

## മഹാത്മാഗാന്ധി സർവകലാശാല

മഹാത്മാഗാന്ധി സർവകലാശാലയിൽ പുതുതായി തുടങ്ങിയ ഡിപ്പാർട്ട്മെന്റുകൾക്കും സെന്ററുകൾക്കും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലാബുകളും സ്മാർട്ട്ക്ലാസ്സ്റൂമുകളും ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയുണ്ടായി. കൂടാതെ വിദ്യാർത്ഥികൾക്ക് സർവകലാശാലയുമായുള്ള ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഓൺലൈൻ സംവിധാനങ്ങൾ ഒരുക്കി. കാലത്തിനനുസൃതമായ മാറ്റങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നൂതനസാങ്കേതിക വിദ്യകളിലും, മാറിവരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കനുസരിച്ചും പുതിയകോഴ്സുകൾ തുടങ്ങുകയും, ഇതുമായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾക്കും സെന്ററുകൾക്കും പ്രവർത്തിക്കുന്നതിനായി 7 നിലയുള്ള പുതിയകെട്ടിടം (Convergence Academia Complex) നിർമ്മിക്കുകയുണ്ടായി.

സർവ്വകലാശാല അക്കാദമിക്, ഗവേഷണഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രവിദ്യാഭ്യാസവകുപ്പിന്റെയും യു.ജി.സി-യുടെയും മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, 2021 റഗുലേഷൻസ് പ്രകാരം Outcome Based Syllabus Revision പഠനവകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

RUSA programme ഒന്നാംഘട്ടത്തിന്റെ ഭാഗമായി Students Amenities And Incubation Center സ്ഥാപിച്ചു. കൂടാതെ Nano Technology Incubator -ഉം App Factory -യും DIGITAL Service Incubator ഉം RUSA രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി നടന്നുവരികയാണ്. സർവകലാശാലയുടെ തനത് LMS (Learning Management System) ആയ വിദ്യാമൃതം നടപ്പിലാക്കിയിട്ടുണ്ട്. Directorate For Applied Short Term Programme (DASP) -ൽ Automated Learning And Evaluation Management System

ഉപയോഗിച്ചുവരുന്നു. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി ERP (Enterprise Resource Planning) തയ്യാറാക്കി വരുന്നു.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുക, ഗവേഷണഫലങ്ങൾ ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നീ പ്രഖ്യാപിതലക്ഷ്യങ്ങൾ മുൻനിർത്തി മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആൻഡ് സസ്റ്റൈനബിൾ അഗ്രികൾച്ചർ (IUCOFSA), മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇന്നോവേഷൻ ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

UGC, സർവ്വകലാശാലയ്ക്ക് ഖത്തറിൽ ഓഫ്ഷോർ ക്യാമ്പസ് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. വിദേശത്ത് ഓഫ്ഷോർ കാമ്പസ് തുറക്കാനുള്ള അനുമതിയുള്ള ഇന്ത്യയിലെ രണ്ടാമത്തെ പൊതുസർവകലാശാലയാണിത്. മാത്രവുമല്ല യൂജിസിയുടെ അനുമതിയോടെ സർവ്വകലാശാല Full Fledged Online Degree Progamme With Global Intake തുടക്കം കുറിക്കുകയും, ഇതിലേയ്ക്ക് M.Com., MBA പ്രോഗ്രാമുകളിലേക്ക് 2022 പ്രവേശനം നടത്തുകയും ചെയ്തുവരുന്നു.

**<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**

- സംസ്ഥാന സർക്കാരിന്റെ പ്രൊജക്ട് മോഡ് സ്കീമിൽ സർവ്വകലാശാലയിൽ Centre for Disaster Studies ആരംഭിക്കുകയും M.Sc. in Geography and Disaster Management and Mitigation, M.Sc. in Psychology and Disaster Management & Mitigation, M.A. in Sociology and Disaster Management & Mitigation and MSW in Disaster Management & Mitigation എന്നീ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് .
- 2024-25 അക്കാഡമിക് വർഷം മുതൽ സംസ്കൃത സർവകലാശാലയിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. യു.ജി. തലത്തിൽ നിലവിൽ ഉണ്ടായിരുന്ന വിഷയങ്ങൾക്ക് പുറമേ പുതുതായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി എന്നിവ മേജർ ആയി B.A. (Hons.) പ്രോഗ്രാമുകളും B.S.W. (Hons.) പ്രോഗ്രാമും പുതുതായി ആരംഭിച്ചിട്ടുള്ളവയിൽ ഉൾപ്പെടുന്നു.
- ഗവേഷക വിദ്യാർഥികൾക്ക് ഫെല്ലോഷിപ്പ് അനുവദിക്കുന്നുണ്ട്.
- ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനുതകും വിധം അധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ കൃത്യമായ ഇടവേളകളിൽ നൽകി വരുന്നുണ്ട്.
- വിദ്യാർത്ഥികളുടേയും, ഗവേഷകരുടേയും അധ്യാപകരുടേയും അക്കാദമിക് റൈറ്റിംഗിലുള്ള നൈപുണ്യവും പ്രാഗൽഭ്യവും വർദ്ധിപ്പിക്കുന്നതിനായി സംസ്കൃത സർവ്വകലാശാലയിൽ SSUS Centre for Academic Writing (SCAW) ആരംഭിച്ചിട്ടുണ്ട്.

- അധ്യാപകരുടെ ഗവേഷണതല്പരത പ്രോത്സാഹിപ്പിക്കുന്നതിന് Research Achievement Grant സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്.
- ഓൺലൈൻ കോഴ്സുകൾ ഓഫർ ചെയ്യുന്നതിനായി സംസ്കൃത സർവ്വകലാശാലയിൽ എസ്സ് എസ്സ് യു എസ്സ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് (SCOL) ആരംഭിക്കുകയും, വീഡിയോ റെക്കോർഡിങ്ങിന് ഉന്നത നിലവാരത്തിലുള്ള റെക്കോർഡിംഗ് സ്റ്റുഡിയോ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുകയും 5 ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.
- Moodle അടിസ്ഥാനമാക്കിയുള്ള Learning Management System നടപ്പിലാക്കിയിട്ടുണ്ട്.
- സർവ്വകലാശാലയിൽ വിദേശവിദ്യാർത്ഥികളുടെ പ്രവേശനം, Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collaborations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
- കേരളത്തിലെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികളെ ഏകോപിപ്പിക്കുന്ന KALNET, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായി e-journals, e-books എന്നിവ ലഭ്യമാക്കുന്ന KNIMBUS എന്നീ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ആരംഭിച്ച സംരംഭങ്ങളിൽ സംസ്കൃത സർവ്വകലാശാല പങ്കാളിയാണ്.
- വിദ്യാർഥി പ്രവേശനം, പരീക്ഷ രജിസ്ട്രേഷൻ, ഹാൾ ടിക്കറ്റ് വിതരണം, റിസൾട്ട്, സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ പരാതി സ്വീകരിക്കൽ എന്നിങ്ങനെ വിദ്യാർഥികളുമായി ബന്ധപ്പെട്ട സേവനങ്ങൾക്കെല്ലാം സ്റ്റുഡന്റ് പോർട്ടൽ ലഭ്യമാക്കിയിട്ടുണ്ട്.
- സർവകലാശാലയുടെ പ്രവർത്തനം ആധുനികവത്കരിക്കുന്നതിനു വേണ്ടി ഫയൽ മാനേജ്മെന്റ് ആന്റ് ട്രാക്കിംഗ് സിസ്റ്റം (FMTS) നടപ്പിലാക്കുകയും, സർവകലാശാല ധനകാര്യ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി National Informatics Centre (NIC)-ന്റെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

## കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല

- സർവ്വകലാശാലയിൽ നൂതന അക്കാദമിക പ്രോഗ്രാമുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.
- സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും സർവ്വകലാശാല ശ്രദ്ധ ചെലുത്തുന്നുണ്ട്.

- പാഠ്യ പദ്ധതികൾ സമയബന്ധിതമായി പരിഷ്കരിച്ച് വരുന്നു.
- ഫലാധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കി.
- വ്യവസായ ശാലകളുമായി ചേർന്ന് പാഠ്യപദ്ധതികൾ തയ്യാറാക്കുകയും ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തുവരുന്നു.
- ദേശീയ അന്തർദേശീയ തലത്തിലുള്ള പ്രമുഖ സ്ഥാപനങ്ങളുമായി ധാരണാപത്രങ്ങൾ ഒപ്പിടുകയും ഇതുവഴി ഫാക്കൽറ്റി/സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകളും ഗവേഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു.
- വിദേശ സർവ്വകലാശാലകളുമായി സഹകരിച്ച് ഡ്യുവൽ/ട്വിന്നിങ് പ്രോഗാമുകൾ നടത്തിവരുന്നു.
- വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പ്രവൃത്തി പരിചയമുള്ള അദ്ധ്യാപകരെ ഈ സർവ്വകലാശാലയിൽ നിയമിക്കുന്നു.
- വിദേശ സർവ്വകലാശാലകളിലെ ശാസ്ത്രജ്ഞരുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അന്താരാഷ്ട്ര നിലവാരത്തിലുള്ള റിസർച്ച് പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.
- വിദേശ സ്ഥാപനങ്ങളിലെ പ്രമുഖ ശാസ്ത്രജ്ഞരെ വിവിധ പദ്ധതികളുടെ സഹായത്തോടെ സർവ്വകലാശാലയിലേക്ക് ക്ഷണിക്കുകയും വിദ്യാർത്ഥികൾക്ക് അവരുമായി സംവദിക്കാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു.

**കണ്ണൂർ സർവ്വകലാശാല**

- കോളേജുകളുടെയും സർവകലാശാലകളുടെയും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ സർവകലാശാലയിലെ വിവിധ പ്രോഗ്രാമുകളുടെ സിലബസുകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, 2024-25 അക്കാദമിക വർഷം മുതൽ അഫിലിയേറ്റഡ് കോളേജുകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകളും സർവകലാശാല പഠന വകുപ്പുകളിൽ അഞ്ചുവർഷ ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്.

- അക്കാഡമിക്/പരീക്ഷാ കലണ്ടർ ഓരോ അക്കാഡമിക് വർഷവും തയ്യാറാക്കുകയും അതനുസരിച്ച് സമയബന്ധിതമായി പ്രവേശനം, പഠനപ്രവർത്തനങ്ങൾ, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ നടത്തിവരികയും ചെയ്യുന്നു.

- കണ്ണൂർ സർവകലാശാലയിലെ പഠനവകുപ്പുകളിലെ പരീക്ഷകൾക്ക് Question Bank, Automated Generation and Online Transmission of Question Papers എന്നീ സംവിധാനങ്ങൾ നടപ്പിലാക്കി. അഫിലിയേറ്റഡ് കോളേജുകളിലും ഇവ നടപ്പിലാക്കാനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.

- വിവിധ പ്രോഗ്രാമുകൾക്കുള്ള പ്രവേശനം സിംഗിൾ വിൻഡോ സംവിധാനം വഴി ഓൺലൈൻ ആക്കി.

- സർവകലാശാലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും റിസർച്ച് ആൻഡ് ഡവലപ്മെന്റ് സെൽ പ്രവർത്തിച്ചു വരുന്നു.
- വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സർവകലാശാലയിൽ TECHNOLOGY BUSINESS INCUBATOR (TBI-KU), KANNUR UNIVERSITY INNOVATION AND INCUBATION FOUNDATION (KU-IIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്.

- കണ്ണൂർ സർവകലാശാലയിൽ അക്കാദമിക മേഖലകളിലും അക്കാദമികേതര മേഖലകളിലും വിവരസാങ്കേതികവിദ്യ ഉയർന്ന തോതിൽ വിനിയോഗിക്കുന്നുണ്ട്. പഠന പ്രവർത്തനങ്ങൾക്കായി virtual ക്ലാസ് റൂമുകൾ, Learning Management System (LMS) എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.
- കണ്ണൂർ സർവകലാശാല വിവിധ വിഷയങ്ങളിൽ പുതു തലമുറ കോഴ്സുകൾ (New Generation Courses) ആരംഭിച്ചിട്ടുണ്ട്.
- കണ്ണൂർ സർവകലാശാലയുടെ പ്രോഗ്രാമുകൾക്ക് ചേരാൻ ആഗ്രഹിക്കുന്ന വിദേശ വിദ്യാർത്ഥികൾക്ക് സേവനം നൽകാൻ വേണ്ടിയും വിദേശ സർവകലാശാലകളുമായുള്ള പഠന ഗവേഷണ സഹകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമായി Office for International Affairs (OIA) പ്രവർത്തിച്ചുവരുന്നു.

**നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്)**

അന്താരാഷ്ട്രതലത്തിൽ ഫാക്കൽറ്റി/ വിദ്യാർത്ഥി കൈമാറ്റം, നൈപുണ്യ വികസനത്തിലധിഷ്ഠിതമായ പാഠ്യപദ്ധതി എന്നിവയിലൂടെ അന്താരാഷ്ട്രതലത്തിലേക്കു നുവാൽസിന്റെ പ്രശസ്തി ഉയർത്തുന്നതിനു ശ്രമിക്കും. യു.ജി.സി. നിയമത്തിലെ സെക്ഷൻ 2 (എഫ്), സെക്ഷൻ 12 ബി എന്നിവ പ്രകാരം, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ഈ സർവകലാശാലയെ അംഗീകരിച്ചിട്ടുണ്ട്.

അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് (എഐയു) യിലും നുവാൽസ് അംഗമാണ്. കൂടാതെ, നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിന് വേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നു. നുവാൽസിലെ കോഴ്സുകളുടെ സിലബസുകൾ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി റീ വാംബ് ചെയ്യുകയും പുതിയ പഠനവിഷയങ്ങൾ ആവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ ചേർക്കുകയും ചെയ്തുവരുന്നു. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പുതിയ കോഴ്സുകൾ നുവാൽസിൽ നിലവിലുണ്ട്. നുവാൽസിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് ക്ലാസ് റൂംസ്, വൈ-ഫൈ കണക്ഷൻ, സെമിനാർ റൂം, ആഡിറ്റോറിയം, ഓപ്പൺ-എയർ തിയേറ്റർ, ഇൻഡോർ-ഔട്ഡോർ സ്പോർട്സ് ആൻഡ് ഗെയിംസ് ഫെസിലിറ്റീസ്, ഓൺലൈൻ ജേർണൽസ് തുടങ്ങിയവ ഉൾപ്പെടെയുള്ള ഫെസിലിറ്റീസ് നൽകിവരുന്നു.

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**

**നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്) 2016 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ**

| NIRF 2016 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് & ടെക്നോളജി, തിരുവനന്തപുരം | 8 |
| 2 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി | 30 |

| NIRF 2016 | | |
|---|---|---|
| ക്രമ നമ്പർ | എൻജിനീയറിംഗ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | അമൃത സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം | 31 |
| 2 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് | 35 |
| 3 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി | 55 |

| NIRF 2016 | | |
|---|---|---|
| ക്രമ നമ്പർ | മാനേജ്മെന്റ് | റാങ്ക് (ആദ്യത്തെ 50 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് , കോഴിക്കോട് | 6 |

| NIRF 2016 | | |
|---|---|---|
| ക്രമ നമ്പർ | ഫാർമസി | റാങ്ക് (ആദ്യത്തെ 50 ൽ) |
| 1 | അമൃത സ്കൂൾ ഓഫ് ഫാർമസി, കൊച്ചി | 8 |

| NIRF 2017 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | കേരള സർവ്വകലാശാല | 29 |
| 2 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് & ടെക്നോളജി, തിരുവനന്തപുരം | 35 |
| 3 | കാലിക്കറ്റ് സർവ്വകലാശാല | 57 |
| 4 | എം.ജി. സർവ്വകലാശാല | 67 |
| 5 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി | 86 |

| NIRF 2017 | | |
|---|---|---|
| ക്രമ നമ്പർ | കോളേജ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | ക്രൈസ്റ്റ് കോളേജ് (ഓട്ടോണമസ്), ഇരിഞ്ഞാലക്കുട | 17 |
| 2 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 25 |
| 3 | സേക്രട്ട് ഹാർട്ട് കോളേജ്, എറണാകുളം | 28 |
| 4 | സെന്റ് ജോസഫ് കോളേജ്, കാലിക്കറ്റ് | 31 |
| 5 | സെന്റ് ജോസഫ് കോളേജ്, തൃശ്ശൂർ | 42 |
| 6 | മേഴ്സി കോളേജ്, പാലക്കാട് | 48 |
| 7 | ലിറ്റിൽഫ്ളവർ കോളേജ്, തൃശ്ശൂർ | 49 |
| 8 | എം.ഇ.എസ് കേവീയം കോളേജ്, വളാഞ്ചേരി | 51 |
| 9 | വിമല കോളേജ്, തൃശ്ശൂർ | 52 |
| 10 | സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ | 55 |
| 11 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 70 |
| 12 | മന്നം മെമ്മോറിയൽ എൻ.എസ്.എസ് കോളേജ്, കൊല്ലം | 73 |
| 13 | അസംപ്ഷൻ കോളേജ്, കോട്ടയം | 84 |
| 14 | നിർമ്മല കോളേജ്, എറണാകുളം | 91 |

| NIRF 2017 | | |
|---|---|---|
| ക്രമ നമ്പർ | എൻജിനീയറിംഗ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളജി, തിരുവനന്തപുരം | 28 |
| 2 | എൻ.ഐ.ടി. കാലിക്കറ്റ് | 44 |
| 3 | കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം | 92 |

| NIRF 2017 | | |
|---|---|---|
| ക്രമ നമ്പർ | മാനേജ്മെന്റ് | റാങ്ക് (ആദ്യത്തെ 50 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | 5 |

| NIRF 2018 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | കേരള സർവ്വകലാശാല | 30 |
| 2 | എം.ജി. സർവ്വകലാശാല | 34 |
| 3 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് | 69 |

| | | |
|---|---|---|
| | സയൻസ് & ടെക്നോളജി, കൊച്ചി | |
| 4 | കാലികറ്റ് സർവ്വകലാശാല | 73 |

| NIRF 2018 | | |
|---|---|---|
| ക്രമ നമ്പർ | കോളേജ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 18 |
| 2 | സെന്റ് ജോസഫ് കോളേജ്, കാലിക്കറ്റ് | 34 |
| 3 | മാർ ഇവാനിയോസ്, തിരുവനന്തപുരം | 36 |
| 4 | സാക്രട്ട് ഹാർട്ട് കോളേജ്, എറണാകുളം | 41 |
| 5 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 43 |
| 6 | ടി.കെ.എം. കോളേജ് ഓഫ് ആർട് & സയൻസ്, കൊല്ലം | 45 |
| 7 | എസ്.ബി കോളേജ്, കോട്ടയം | 46 |
| 8 | ക്രൈസ്റ്റ് കോളേജ് (ഓട്ടോണമസ്), ഇരിഞ്ഞാലക്കുട | 63 |
| 9 | കുരിയാക്കോസ് ഗ്രിഗോറിയസ് കോളേജ്, കോട്ടയം | 69 |
| 10 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 76 |
| 11 | വിമല കോളേജ്, തൃശ്ശൂർ | 77 |
| 12 | സെന്റ് തോമസ് കോളേജ്, തൃശൂർ | 79 |
| 13 | മരിയൻ കോളേജ്, കുട്ടിക്കാനം | 84 |
| 14 | നിർമ്മലഗിരി കോളേജ്, കണ്ണൂർ | 87 |
| 15 | എം.ജി. കോളേജ്, തിരുവനന്തപുരം | 88 |
| 16 | ബിഷപ് മൂർ കോളേജ്, മാവേലിക്കര | 92 |
| 17 | സെന്റ് ജോസഫ് കോളേജ്, തൃശൂർ | 97 |

| NIRF 2018 | | |
|---|---|---|
| ക്രമ നമ്പർ | എൻജിനീയറിംഗ് | റാങ്ക് (ആദ്യത്തെ 75 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളജി, തിരുവനന്തപുരം | 23 |
| 2 | എൻ.ഐ.ടി. കാലിക്കറ്റ് | 50 |
| 3 | കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം | 75 |

| NIRF 2018 | | |
|---|---|---|
| ക്രമ നമ്പർ | മാനേജ്മെന്റ് | റാങ്ക് (ആദ്യത്തെ 50 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | 6 |

| NIRF 2019 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | കേരള സർവ്വകലാശാല | 22 |
| 2 | എം.ജി. സർവ്വകലാശാല | 29 |
| 3 | കാലികറ്റ് സർവ്വകലാശാല | 64 |
| 4 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി | 65 |

| NIRF 2019 | | |
|---|---|---|
| ക്രമ നമ്പർ | കോളേജ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 23 |
| 2 | മാർ ഇവാനിയോസ്, തിരുവനന്തപുരം | 29 |
| 3 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 35 |
| 4 | ഗവ. കോളേജ് ഫോർ വിമൻ, തിരുവനന്തപുരം | 47 |
| 5 | സെന്റ് തോമസ് കോളേജ്, തൃശൂർ | 54 |
| 6 | സാക്രട്ട് ഹാർട്ട് കോളേജ്, എറണാകുളം | 57 |
| 7 | എസ്.ബി കോളേജ്, കോട്ടയം | 62 |
| 8 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 64 |
| 9 | എം.ജി. കോളേജ്, തിരുവനന്തപുരം | 68 |
| 10 | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം | 69 |
| 11 | ഫറൂഖ് കോളേജ്, കോഴിക്കോട് | 71 |
| 12 | ന്യൂമാൻ കോളേജ്, ഇടുക്കി | 78 |
| 13 | ടി.കെ.എം. കോളേജ് ഓഫ് ആർട് & സയൻസ്, കൊല്ലം | 80 |
| 14 | സെന്റ് ജോസഫ് കോളേജ്, കാലിക്കറ്റ് | 82 |
| 15 | ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം | 83 |
| 16 | ക്രൈസ്റ്റ് കോളേജ് (ഓട്ടോണമസ്), ഇരിഞ്ഞാലക്കുട | 88 |
| 17 | മാർത്തോമ കോളേജ്, തിരുവല്ല | 92 |
| 18 | നിർമ്മലഗിരി കോളേജ്, കണ്ണൂർ | 93 |

| NIRF 2019 | | |
|---|---|---|
| ക്രമ നമ്പർ | എൻജിനീയറിംഗ് | റാങ്ക് (ആദ്യത്തെ 200 ൽ) |
| 1 | എൻ.ഐ.ടി. കാലിക്കറ്റ് | 28 |
| 2 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളജി, തിരുവനന്തപുരം | 30 |
| 2 | കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം | 71 |
| 3 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി | 116 |

| NIRF 2019 | | |
|---|---|---|
| **ക്രമ നമ്പർ** | **മാനേജ്മെന്റ്** | **റാങ്ക് (ആദ്യത്തെ 75 ൽ)** |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് , കോഴിക്കോട് | 8 |

| NIRF 2019 | | |
|---|---|---|
| **ക്രമ നമ്പർ** | **ഫാർമസി** | **റാങ്ക് (ആദ്യത്തെ 100 ൽ)** |
| 1 | അമൃത സ്കൂൾ ഓഫ് ഫാർമസി, കൊച്ചി | 15 |
| 2 | അൽ ഷിഫ കോളേജ് ഓഫ് ഫാർമസി, കോഴിക്കോട് | 73 |

| NIRF 2020 | | |
|---|---|---|
| **ക്രമ നമ്പർ** | **സർവ്വകലാശാല** | **റാങ്ക് (ആദ്യത്തെ 100 ൽ)** |
| 1 | കേരള സർവ്വകലാശാല | 23 |
| 2 | എം.ജി. സർവ്വകലാശാല | 30 |
| 3 | കാലിക്കറ്റ് സർവ്വകലാശാല | 54 |
| 4 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി | 62 |

| NIRF 2020 | | |
|---|---|---|
| **ക്രമ നമ്പർ** | **കോളേജ്** | **റാങ്ക് (ആദ്യത്തെ 100 ൽ)** |
| 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 23 |
| 2 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 28 |
| 3 | ഗവ. കോളേജ് ഫോർ വിമൻ, തിരുവനന്തപുരം | 40 |
| 4 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 47 |
| 5 | മാർ ഇവാനിയോസ്, തിരുവനന്തപുരം | 48 |
| 6 | സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം | 55 |
| 7 | സെന്റ് ജോസഫ് കോളേജ്, കാലിക്കറ്റ് | 60 |
| 8 | സെന്റ് തോമസ് കോളേജ്, തൃശൂർ | 63 |
| 9 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര | 76 |
| 10 | എസ്.ബി കോളേജ്, കോട്ടയം | 79 |
| 11 | ബിഷപ്പ് കുരിയാളച്ചേരി കോളേജ് ഫോർ വിമൻ, കോട്ടയം | 80 |
| 12 | ഗവ. കോളേജ്, കാസർഗോഡ് | 83 |
| 13 | മാർത്തോമ കോളേജ്, തിരുവല്ല | 84 |

| | | |
|---|---|---|
| 14 | ഫറൂഖ് കോളേജ്, കോഴിക്കോട് | 88 |
| 15 | എം.ജി. കോളേജ്, തിരുവനന്തപുരം | 93 |
| 16 | നെഹ്റു ആർട്സ് & സയൻസ് കോളേജ്, കാസർഗോഡ് | 95 |
| 17 | സെന്റ് ആൽബർട്ട് കോളേജ്, എറണാകുളം | 97 |
| 18 | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം | 98 |
| 19 | വിമല കോളേജ്, തൃശൂർ | 99 |
| 20 | ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം | 100 |

| NIRF 2020 | | |
|---|---|---|
| **ക്രമ നമ്പർ** | **എൻജിനീയറിംഗ്** | **റാങ്ക് (ആദ്യത്തെ 200 ൽ)** |
| 1 | അമൃത സ്കൂൾ ഓഫ് എൻജിനീറിംഗ്, കൊച്ചി | 20 |
| 2 | എൻ.ഐ.ടി. കാലിക്കറ്റ് | 23 |
| 3 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളജി, തിരുവനന്തപുരം | 33 |
| 4 | കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം | 85 |
| 5 | ഗവ. എൻജിനീയറിംഗ് കോളേജ്, തൃശൂർ | 164 |
| 6 | സ്കൂൾ ഓഫ് എൻജിനീയറിംഗ്, കുസാറ്റ് | 178 |

| NIRF 2020 | | |
|---|---|---|
| **ക്രമ നമ്പർ** | **മാനേജ്മെന്റ്** | **റാങ്ക് (ആദ്യത്തെ 75 ൽ)** |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | 6 |

| NIRF 2020 | | |
|---|---|---|
| **ക്രമ നമ്പർ** | **മെഡിക്കൽ** | **റാങ്ക് (ആദ്യത്തെ 40 ൽ)** |
| 1 | അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച്, കൊച്ചി | 7 |

| NIRF 2021 | | |
|---|---|---|
| **ക്രമ നമ്പർ** | **സർവ്വകലാശാല** | **റാങ്ക് (ആദ്യത്തെ 100 ൽ)** |
| 1 | കേരള സർവ്വകലാശാല | 27 |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | 31 |

| | | |
|---|---|---|
| 3 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി | 44 |
| 4 | കാലിക്കറ്റ് സർവ്വകലാശാല | 60 |

| NIRF 2021 | | |
|---|---|---|
| ക്രമ നമ്പർ | കോളേജ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 25 |
| 2 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 31 |
| 3 | മാർ ഇവാനിയോസ്, തിരുവനന്തപുരം | 44 |
| 4 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 45 |
| 5 | ഗവ. കോളേജ് ഫോർ വിമൻ, തിരുവനന്തപുരം | 46 |
| 6 | സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം | 63 |
| 7 | സെന്റ് തോമസ് കോളേജ്, തൃശൂർ | 64 |
| 8 | സെന്റ് ജോസഫ് കോളേജ്, കാലിക്കറ്റ് | 69 |
| 9 | ഫറൂഖ് കോളേജ്, കോഴിക്കോട് | 73 |
| 10 | എസ്.ബി കോളേജ്, കോട്ടയം | 79 |
| 11 | മാർത്തോമ കോളേജ്, തിരുവല്ല | 80 |
| 12 | ഗവ. കോളേജ്, കാസർഗോഡ് | 82 |
| 13 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം | 86 |
| 14 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര | 89 |
| 15 | ബിഷപ്പ് കുരിയാളച്ചേരി കോളേജ് ഫോർ വിമൻ, കോട്ടയം | 89 |
| 16 | മഹാരാജാസ് കോളേജ്, എറണാകുളം | 92 |
| 17 | സിഎംഎസ് കോളേജ്, കോട്ടയം | 93 |
| 18 | ഗവ. ബ്രണ്ണൻ കോളേജ്, കണ്ണൂർ | 97 |
| 19 | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് | 99 |

| NIRF 2021 | | |
|---|---|---|
| ക്രമ നമ്പർ | എൻജിനീയറിംഗ് | റാങ്ക് (ആദ്യത്തെ 200 ൽ) |
| 1 | എൻ.ഐ.ടി. കാലിക്കറ്റ് | 25 |
| 2 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളജി, തിരുവനന്തപുരം | 40 |
| 3 | കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം | 95 |
| 4 | ഗവ. എൻജിനീയറിംഗ് കോളേജ്, തൃശൂർ | 156 |

| NIRF 2021 | | |
|---|---|---|
| ക്രമ നമ്പർ | മാനേജ്മെന്റ് | റാങ്ക് (ആദ്യത്തെ 75 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | 4 |

| NIRF 2022 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | മഹാത്മാഗാന്ധി സർവ്വകലാശാല | 30 |
| 2 | കേരള സർവ്വകലാശാല | 40 |
| 3 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി | 41 |
| 4 | കാലിക്കറ്റ് സർവ്വകലാശാല | 69 |

| NIRF 2022 | | |
|---|---|---|
| ക്രമ നമ്പർ | കോളേജ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 24 |
| 2 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 27 |
| 3 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 37 |
| 4 | മാർ ഇവാനിയോസ്, തിരുവനന്തപുരം | 50 |
| 5 | ഗവ. കോളേജ് ഫോർ വിമൻ, തിരുവനന്തപുരം | 53 |
| 6 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം | 56 |
| 7 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര | 58 |
| 8 | സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം | 59 |
| 9 | മഹാരാജാസ് കോളേജ്, എറണാകുളം | 60 |
| 10 | എസ്.ബി കോളേജ്, കോട്ടയം | 62 |
| 11 | സെന്റ് തോമസ് കോളേജ്, തൃശൂർ | 63 |
| 12 | സെന്റ് ജോസഫ് കോളേജ്, കാലിക്കറ്റ് | 78 |
| 13 | സിഎംഎസ് കോളേജ്, കോട്ടയം | 81 |
| 14 | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് | 85 |
| 15 | ബിഷപ്പ് കുരിയാളച്ചേരി കോളേജ് ഫോർ വിമൻ, കോട്ടയം | 89 |
| 16 | ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം | 92 |
| 17 | യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ | 97 |

| NIRF 2022 | | |
|---|---|---|
| ക്രമ നമ്പർ | എൻജിനീയറിംഗ് | റാങ്ക് (ആദ്യത്തെ 200 ൽ) |
| 1 | എൻ.ഐ.ടി. കാലിക്കറ്റ് | 31 |
| 2 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളജി, തിരുവനന്തപുരം | 43 |
| 3 | ഐ.ഐ.ടി. പാലക്കാട് | 68 |
| 4 | കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം | 110 |

| NIRF 2022 | | |
|---|---|---|
| ക്രമ നമ്പർ | മാനേജ്മെന്റ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | 5 |
| 2 | രാജഗിരി ബിസിനസ് സ്കൂൾ, കൊച്ചി | 74 |
| 3 | എൻ.ഐ.ടി, കോഴിക്കോട് | 84 |

| NIRF 2022 | | |
|---|---|---|
| ക്രമ നമ്പർ | ഫാർമസി | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | അൽ ഷിഫ കോളേജ് ഓഫ് ഫാർമസി, കോഴിക്കോട് | 96 |

| NIRF 2022 | | |
|---|---|---|
| ക്രമ നമ്പർ | മെഡിക്കൽ | റാങ്ക് (ആദ്യത്തെ 50 ൽ) |
| 1 | ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം | 9 |

| NIRF 2023 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | കേരള സർവ്വകലാശാല | 24 |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | 31 |
| 3 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി | 37 |
| 4 | കാലിക്കറ്റ് സർവ്വകലാശാല | 70 |

| NIRF 2023 | | |
|---|---|---|
| ക്രമ നമ്പർ | കോളേജ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 26 |

| | | |
|---|---|---|
| 2 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 30 |
| 3 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 41 |
| 4 | മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം | 45 |
| 5 | മഹാരാജാസ് കോളേജ്, എറണാകുളം | 46 |
| 6 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര | 51 |
| 7 | സെന്റ് തോമസ് കോളേജ്, തൃശൂർ | 53 |
| 8 | എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി | 54 |
| 9 | സെന്റ് ജോസഫ് കോളേജ്, ദേവഗിരി | 59 |
| 10 | സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം | 72 |
| 11 | ഗവ. കോളേജ് ഫോർ വിമൺ, തിരുവനന്തപുരം | 75 |
| 12 | യൂണിയൻ ക്രിസ്റ്റ്യൻ കോളേജ്, എറണാകുളം | 77 |
| 13 | സിഎംഎസ് കോളേജ്, കോട്ടയം | 85 |
| 14 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം | 87 |

| NIRF 2023 | | |
|---|---|---|
| ക്രമ നമ്പർ | എൻജിനീയറിംഗ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | എൻ.ഐ.ടി. കാലിക്കറ്റ് | 23 |
| 2 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് & ടെക്നോളജി, തിരുവനന്തപുരം | 48 |
| 3 | ഐ.ഐ.ടി. പാലക്കാട് | 69 |

| NIRF 2023 | | |
|---|---|---|
| ക്രമ നമ്പർ | മാനേജ്മെന്റ് | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | 3 |
| 2 | എൻ.ഐ.ടി, കോഴിക്കോട് | 75 |
| 3 | രാജഗിരി ബിസിനസ് സ്കൂൾ, കൊച്ചി | 83 |

| NIRF 2023 | | |
|---|---|---|
| ക്രമ നമ്പർ | മെഡിക്കൽ | റാങ്ക് (ആദ്യത്തെ 50 ൽ) |
| 1 | ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം | 10 |
| 2 | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 44 |

സെക്ഷൻ ഓഫീസർ